# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 28/05/ 2020

## ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് തമിഴ്നാട്ടിൽ നിന്നും അനധികൃതമായി കൊല്ലത്തെത്തിയ കന്യാകുമാരി സ്വദേശിയെ പോലീസ് പിടികൂടി ക്വാറന്റൈനിലാക്കി

കൊല്ലം : ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ച് തമിഴ്നാട്ടിൽ നിന്നും കളിയിക്കാവിള ചെക്പോസ്റ്റ് വഴി നടന്ന് അതിർത്തി കടന്ന് തിരുവനന്തപുരത്തെത്തി ബസിൽ കൊല്ലത്തെത്തിയ കന്യാകുമാരി മുട്ടം ജെ.സി നഗറിൽ ജയശീലൻ (38) ആണ് കോസ്റ്റൽ പോലീസ് ഇന്റലിജൻസിന്റെ പിടിയിലായത്. കാവനാട് പട്രോപ്പിൽ ബോട്ട്യാർഡിൽ ജോലിക്കെത്തിയതായിരുന്നു ടിയാൻ. ആരോഗ്യ വകുപ്പിന്റെ നിർദേശപ്രകാരം നെല്ലിമുക്കിലുള്ള പവിത്രം ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ കേന്ദ്രത്തിൽ നിരീക്ഷണത്തിലാക്കുകയും ടിയാനെതിരെ ശക്തികുളങ്ങര പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.